# ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ്

**കൊല്ലം**

ഒമ്പതാമത് കൊല്ലം ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് ശാസ്താംകോട്ട കെഎസ്എംഡിബി കോളേജിൽ അസോസിയേഷൻ ജില്ലാ പ്രസിഡന്റ് വി എം പ്രേംനവാസ് ഉദ്ഘാടനംചെയ്തു. ജോയിന്റ് സെക്രട്ടറി ഷിബു ബേബി അധ്യക്ഷനായി. സെക്രട്ടറി ബിനൗഫിൻ, അനൂപ്, ഷേബ, അഞ്ജുനാഥ്, ഗോപകുമാർ, ആദർശ് രമേശ്, റാഫി എന്നിവർ സംസാരിച്ചു. ആൺകുട്ടികളുടെ വിഭാഗത്തിൽ റെഡ് മേരിഡിയൻ ചക്കുവള്ളി ഒന്നാം സ്ഥാനവും ബ്ലാക്ക് ആൻഡ് വൈറ്റ് കുണ്ടറ രണ്ടാം സ്ഥാനവും നവോദയം സ്പോർട്സ് ക്ലബ് മൂന്നാം സ്ഥാനവും നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ ഡൈനാമിക് കുളക്കട ഒന്നാം സ്ഥാനവും പാർക്ക് ലീർണേഴ്സ് ക്ലബ് രണ്ടാം സ്ഥാനവും എംജിഡി റെഡ് സ്റ്റാർ ക്ലബ് മൂന്നാം സ്ഥാനവും നേടി. വി എം പ്രേംനവാസ് സമ്മാനം വിതരണംചെയ്തു.

# ബേസ്ബോൾ ചാമ്പ്യൻഷിപ്പിന് തുടക്കം



ജില്ലാ ബേസ്ബോൾ ചാമ്പ്യൻഷിപ് കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജ് മൈതാനത്ത് പി വി ശ്രീനിജിൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

**കോലഞ്ചേരി**

ജില്ലാ ബേസ്ബോൾ ചാമ്പ്യൻഷിപ് കോലഞ്ചേരി സെന്റ് പീറ്റേഴ്സ് മൈതാനത്ത് പി വി ശ്രീനിജിൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. ബേസ്ബോൾ അസോസിയേഷൻ ജില്ലാ പ്രസിഡന്റ് രഞ്ജിത് രത്നാകരൻ അധ്യക്ഷനായി. സെക്രട്ടറി കെ എൻ നിബിൻ, ജില്ലാ സ്പോർട്സ് കൗൺസിൽ ഒബ്സർവർ ഷാഹുൽ ഹമീദ് എന്നിവർ സംസാരിച്ചു. ആൺകുട്ടികളുടെ വിഭാഗത്തിൽ ഏഴും പെൺകുട്ടികളുടെ വിഭാഗത്തിൽ നാലു ടീമുകളും പങ്കെടുക്കുന്നു. ചാമ്പ്യൻഷിപ് ഞായറാഴ്ച സമാപിക്കും.

ജില്ലാ ജൂനിയർ ബേസ്ബോൾ

# സ്റ്റെല്ല മേരീസ് കോൺവന്റ് ക്ലബ്ബും യാക്കോ സ്പോർട്സും ചാമ്പ്യൻമാർ

**കോലഞ്ചേരി**

ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ തിരുവാണിയൂർ സ്റ്റെല്ല മേരീസ് കോൺവന്റ് ക്ലബ് കൂവപ്പടി സെന്റ് ആൻസ് ക്ലബ്ബിനെ പരാജയപ്പെടുത്തി ചാമ്പ്യൻമാരായി.

പെൺകുട്ടികളുടെ വിഭാഗത്തിൽ ഫോർട്ട് കൊച്ചി യാക്കോ സ്പോർട്സ് ക്ലബ് തിരുവാണിയൂർ ബിപിസിഎൽ റിഫൈനറി സ്കൂളിനെ (82) പരാജയപ്പെടുത്തി ചാമ്പ്യൻമാരായി. ആൺകുട്ടികളുടെ വിഭാഗത്തിൽ സ്റ്റെല്ല മേരീസിലെ ജോസഫ് ഷിബു മികച്ച താരമായി. പെൺകുട്ടികളുടെ വിഭാഗത്തിൽ യാക്കോ സ്പോർട്സ് ക്ലബ്ബിലെ റീറ്റെ റൈസനെ മികച്ച താരമായി തെരഞ്ഞെടുത്തു. ജില്ലാ ബേസ്ബോൾ അസോസിയേഷൻ പ്രസിഡന്റ് രഞ്ജിത് രത്നാകരൻ സമ്മാനവിതരണം നടത്തി. റെഡ്സൺ ഗെബ്രിൽ, പി ബി മോൻസി, കെ എൻ നിബിൻ എന്നിവർ സംസാരിച്ചു. മലപ്പുറത്ത് 17, 18, 19 തീയതികളിൽ നടക്കുന്ന സംസ്ഥാന ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കേണ്ട ജില്ലാ താരങ്ങളെ ചാമ്പ്യൻഷിപ്പിൽനിന്ന് തെരഞ്ഞെടുത്തു.

